# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2142 05.05.2017-ൽ മറുപടിയ്ക്ക്**

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തി; ഇതിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ; | എ) 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ Blue Revolution പദ്ധതിയിൽ റീട്ടെയിൽ ഫിഷ് മാർക്കറ്റ് എന്ന ഘടകത്തിനായി 500 ലക്ഷം രൂപയുടെ (50:50) ഭരണാനുമതി ലഭിക്കുകയും അതിൽ കേന്ദ്ര വിഹിതമായ 250 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കരിക്കോട് ഫിഷ് മാർക്കറ്റിന് 356 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിലേക്കായി 150 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയോ; ഇവ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത്; വ്യക്തമാക്കുമോ; | ബി) 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ Blue Revolution പദ്ധതിയിൽ റീട്ടെയിൽ ഫിഷ് മാർക്കറ്റ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കരിക്കോട് ഫിഷ് മാർക്കറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മയ്യനാട് ഫിഷ് മാർക്കറ്റിന്റെ 159 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| സി) കൊല്ലം നിയോജക മണ്ഡലത്തിലെ അഞ്ചാലുംമൂട്, പനയം, തങ്കശ്ശേരി മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട്, കടപ്പാക്കട എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ